പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1984 — 19.06.2012 -ലെ മറുപടി

കൊട്ടാരക്കര ഡിപ്പോയിൽ നിന്നും മറ്റ് ഡിപ്പോകളിലേക്ക് മാറ്റിയ ബസ്സുകളുടെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഡിപ്പോയിലേക്ക് പുതിയതായി അനുവദിച്ച ബസ്സുകളുടെ എണ്ണം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഡിപ്പോയിലേയ്ക്ക് 9 ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | കൊട്ടാരക്കര ഡിപ്പോയിൽ നിലവിൽ ഡോക്ക് ചെയ്യപ്പെട്ട ബസ്സുകളുടെ എണ്ണം എത്രയാണ്; | (ബി) | കൊട്ടാരക്കര ഡിപ്പോയിൽ നിലവിൽ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ടെസ്റ്റിനും മറ്റ് അറ്റകുറ്റപണികൾക്കുമായി 5 ബസ്സുകൾ ഡോക്ക് ചെയ്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ ഒരു വർഷക്കാലയളവിൽ കൊട്ടാരക്കര ഡിപ്പോയിൽ നിന്നും മറ്റ് ഡിപ്പോകളിലേക്ക് എത്ര ബസ്സുകൾ മാറ്റിയിട്ടുണ്ട്; | (സി) | പുതിയ 9 ബസ്സുകൾ അനുവദിച്ചപ്പോഴാണ് പഴയ 9 എണ്ണം മറ്റു ഡിപ്പോകളിലേക്ക് മാറ്റിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ബസ്സുകൾ ഏതെല്ലാം ഡിപ്പോകളിലേക്കാണ് മാറ്റിയത്; | (ഡി) | സുൽത്താൻ ബത്തേരി - 1<br>ചാത്തന്നൂർ - 1 ; കൽപ്പറ്റ - 1<br>ഹരിപ്പാട് - 1 ; നെടുമങ്ങാട് - 2<br>ചെങ്ങന്നൂർ - 1 ; ആലപ്പുഴ - 1<br>ചേർത്തല - 1 |
| (ഇ) | അപ്രകാരം മാറ്റാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ? | (ഇ) | പഴയ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ കൊട്ടാരക്കര യൂണിറ്റിൽ അനുവദിച്ചപ്പോൾ അവിടെയുണ്ടായിരുന്ന TATA ബസ്സുകൾ അത്തരം ബസ്സുകൾ സർവ്വീസ് നടത്തുന്ന യൂണിറ്റുകളിലേക്ക് മാറ്റുകയുണ്ടായി. കൂടാതെ, കൊട്ടാരക്കര യൂണിറ്റിലെ സൂപ്പർ ക്ലാസ്സ് സർവ്വീസ്സുകൾക്ക് പുതിയ ബസ്സുകൾ നൽകിയപ്പോൾ മാറ്റിയ പഴയ ബസ്സുകൾക്ക് ഷെഡ്യൂൾ ഇല്ലാതെ വന്നു. ഈ സാഹചര്യത്തിലാണ് ഇവ ബസ്സുകൾ കുറവുള്ള യൂണിറ്റുകളിലേക്ക് മാറ്റിയത്. |

സെക്ഷൻ ഓഫീസർ